LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് അനുയോജ്യമായ പദ്ധതികളും അമൃതം ആരോഗ്യത്തിന് കീഴിൽ നടന്നുവരുന്നു. സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കിയ ലീപ്പ് (LEAP), പോലീസ് സേനയ്ക്കായി നടപ്പിലാക്കിയ ഷേപ്പ് (SHAPE), തൊഴിൽ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി വർക്ക്പ്ലേസ് ഇന്റർവെൻഷൻ തുടങ്ങിയ പദ്ധതികൾ, ഓരോ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടിയുള്ളതാണ്. ആശ (ASHA), കുടുംബശ്രീ, ആരോഗ്യ പ്രവർത്തകർ എന്നിവരിലൂടെ ബോധവൽക്കരണവും ആരോഗ്യ വിദ്യാഭ്യാസവും നടത്തി വരുന്നു. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) അമൃതം ആരോഗ്യം സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ്. ഇതിന് കേന്ദ്ര ഫണ്ട് ഒന്നും തന്നെ ലഭിച്ചിട്ടില്ല.

ഡോക്ടർമാരുടെ ഒഴിവുകളിൽ നിയമനം നടത്തുന്നത്

116 (805) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി താലൂക്ക് ആശുപത്രി, കുക്കാട്, വെറ്റിലപ്പാറ, പരിയാരം, കൊടകര പി.എച്ച്.സി.-കൾ, എലിഞ്ഞിപ്ര സി.എച്ച്.സി. എന്നീ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ഥിരമായി മെഡിക്കൽ ഓഫീസർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, സി.എച്ച്.സി.-കളിൽ നാല് വീതം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) എൻ.ആർ.എച്ച്.എം. ഫണ്ട് വിവിധ സർക്കാർ ആശുപത്രികൾക്ക് അനുവദിക്കുന്നതിൽ കുറവ് വരുത്തിയിട്ടുണ്ടോ; വെട്ടിക്കുറച്ച എൻ.ആർ.എച്ച്.എം. ഫണ്ട് പുനഃസ്ഥാപിക്കുന്നതിനും അടിയന്തരമായി ഫണ്ട് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിലെ ശിശുരോഗ വിഭാഗത്തിലെ കൺസൾട്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ പ്രസ്തുത ആശുപത്രിയിൽ നിന്നും ശിശുരോഗ കൺസൾട്ടന്റായി വിരമിച്ച ഡോ. ജയ്സൺ. കെ.ജി.-യെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കക്കാട്, വെറ്റിലപ്പാറ, പരിയാരം, കൊടകര, എലിഞ്ഞിപ്ര എന്നീ ആശുപത്രികളിൽ നിലവിൽ ഒഴിവുകൾ ഇല്ല.

(ബി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള മെഡിക്കൽ ആഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തിവരികയാണ്. എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടില്ല. അധിക തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ 4 വീതം സ്പെഷ്യലിസ്റ്റുകളുടെ സേവനം ഇന്നത്തെ സാഹചര്യത്തിൽ ഉറപ്പുവരുത്താനാകില്ല.

(സി) സർക്കാർ ആശുപത്രികൾക്ക് അനുവദിക്കുന്ന ഉപാധിരഹിത/ വാർഷിക മെയിന്റനൻസ്/ആശുപത്രി വികസന സമിതി ഫണ്ടുകൾ, കേന്ദ്ര സർക്കാരിൽനിന്ന് അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തത കാരണം ഈ വർഷം നൽകിയിട്ടില്ല. കൂടുതൽ ഫണ്ട് ലഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലേയ്ക്ക് അയച്ചിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആശുപത്രികൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച്

117 (806) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളില്ലാത്ത 8 ജില്ലകളിൽ അവ സ്ഥാപിക്കുമെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നും നീക്കിവച്ച തുകയിൽനിന്ന് എത്ര തുക സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം പദ്ധതിക്കായിട്ടാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly